"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊന്നാനി ഫ്ലാറ്റിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി വൈദ്യുതി ചാർജ്ജ് ഇനത്തിൽ തുക അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**417/2026/F&P** തീയതി,തിരുവനന്തപുരം, **29-07-2026**

---

പരാമർശം:-

1. സ.ഉ(സാധാ) നം.**16/2023**/മതുവ തീയതി: **05/01/2023.**
2. സ.ഉ(സാധാ) നം.**281/2026**/മതുവ തീയതി: **27/04/2026.**
3. സ.ഉ(സാധാ) നം.**377/2026**/മതുവ തീയതി: **04/07/2026.**
4. ഫിഷറീസ് ഡയറക്ടറുടെ **08/07/2026**-ലെ **DFTVM/818/2026-S3PIU** നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി പുനർഗേഹം ഫ്ലാറ്റിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി **156.755** ലക്ഷം രൂപയുടെ ഭരണാനുമതി **4405-00-103-93 (P)** ശീർഷകത്തിൽ നിന്നും അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് **(STP) 02.10.2025** മുതൽ പ്രവർത്തനം ആംഭിക്കുകയും, നിർമ്മാണ ഏജൻസിയായ **IRTC**-യ്ക്ക് **6** മാസത്തേക്ക് **(02.04.2026** വരെ) പരിപാലന ചുമതല നൽകുകയും ചെയ്തിരുന്നു. പ്ലാന്റിന്റെ വൈദ്യുതി കണക്ഷൻ ഫിഷറീസ് വകുപ്പിന്റെ പേരിലാണ് എടുത്തിട്ടുള്ളത്. ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് **Operation & Maintenance** ചെലവുകളും, വൈദ്യുതി ചാർജുകളും വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, പ്ലാന്റിന്റെ തുടർ പരിപാലനം നഗരസഭപൊന്നാനി ഏറ്റെടുക്കേണ്ടതുണ്ട്.

**2)** തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാന്റിന്റെ പരിപാലനം ഔദ്യോഗികമായി ഏറ്റെടുക്കുന്നതുവരെയുള്ള കാലയളവിൽ പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ ശീർഷകമായ **4405-00-103-89-00-34-03-P-V** യിൽ നിന്നും വൈദ്യുതി ചാർജ്ജ് തുകയായ **3,08,906.14/-** (മൂന്ന് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി ആറ് രൂപ പതിനാല് പൈസ മാത്രം) **(1,32,903.14+1,76,003)** അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം **(2), (3)** പ്രകാരം ഉത്തരവായിരുന്നു.

**3)** എന്നാൽ, പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ **2026** ജൂലൈ മാസത്തെ **₹29,671/-**യുടെ വൈദ്യുതി ബിൽ കുടിശ്ശികയായിട്ടുണ്ടെന്നും, ആയത് അടിയന്തിരമായി

അനുവദിക്കണമെന്നും പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്ലാന്റ് പൊന്നാനി നഗരസഭ ഔദ്യോഗികമായി ഏറ്റെടുക്കുന്നതുവരെ STP-യുടെ തടസ്സരഹിത പ്രവർത്തനം ഉറപ്പാക്കുന്നതിനും, വൈദ്യുതി വിച്ഛേദം മൂലം ബയോ-ഡൈജസ്റ്റീവ് സംവിധാനത്തിന് കേടുപാടുകൾ സംഭവിക്കുന്നത് ഒഴിവാക്കുന്നതിനും, വൈദ്യുതി ചാർജ്ജ് സമയബന്ധിതമായി അടയ്ക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ, പ്ലാന്റിന്റെ തുടർ പ്രവർത്തനവും പരിപാലനവും പൊന്നാനി നഗരസഭയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ പുനർഗേഹം പദ്ധതിയുടെ നിർവഹണ ശീർഷകമായ 4405-00-103-89-00-34-03 (PV)-ൽ നിന്ന് 2026 ജൂലൈ മാസത്തെ വൈദ്യുതി ചാർജ്ജിനത്തിൽ ₹29,671/- രൂപ (ഇരുപത്തി ഒൻപതിനായിരത്തി അറുനൂറ്റി ഏഴുപത്തി ഒന്ന് രൂപ മാത്രം) അടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊന്നാനി ഫ്ലാറ്റിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിന് വൈദ്യുതി ബന്ധം നിലനിർത്തുന്നതിനായി വൈദ്യുതി ചാർജ്ജിനത്തിൽ മുൻപ് അനുവദിച്ച 3,08,906.14/- (മൂന്ന് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി ആറ് രൂപ പതിനാല് പൈസ മാത്രം) (1,32,903.14+1,76,003) പുറമെ പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ ശീർഷകമായ 4405-00-103-89-00-34-03 (PV)-ൽ നിന്നും ₹29,671/-രൂപ (ഇരുപത്തി ഒൻപതിനായിരത്തി അറുനൂറ്റി ഏഴുപത്തി ഒന്ന് രൂപ മാത്രം) അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (ഡബ്ല്യൂസിഡി) വകുപ്പ് (3471821/WCD-2/130/2026-FIN തീയതി 29/07/2026 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/99/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 31-07-2026
10:17:42